**Through Special Messenger**

ഭരണഭാഷ മാതൃഭാഷ

**നിയമസഭ അടിയന്തിരം**

# കേരള സർക്കാർ

## ധനകാര്യ (പി.എസ്.എ) വകുപ്പ്

**പരിപത്രം**

പരിപത്രം നം. 47/2018/ധന. തീയതി, തിരുവനന്തപുരം, 21.05.2018

വിഷയം:- 14-ാം കേരള നിയമസഭ -11-ാം സമ്മേളനം(04.06.2018 മുതൽ 21.06.2018 വരെ)-ബഹു: മുഖ്യമന്ത്രിയും/ധനകാര്യ മന്ത്രിയും ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള ദിവസങ്ങൾ - സംബന്ധിച്ച്.

സൂചന:- നിയമസഭാ സെക്രട്ടറിയുടെ 17.05.2018-ലെ ബുള്ളറ്റിൻ നമ്പർ 458 ഭാഗം 2.

14-ാം കേരള നിയമസഭയുടെ 11-ാം സമ്മേളനം 04.06.2018 മുതൽ 21.06.2018 വരെ കൂടുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ സമ്മേളനകാലത്ത് ബഹു: മുഖ്യമന്ത്രിയും/ ധനകാര്യ മന്ത്രിയും നിയമസഭാ ചോദ്യങ്ങൾക്ക് ഉത്തരം നൽകേണ്ടതിന് നിശ്ചയിച്ചിരിക്കുന്ന ദിവസങ്ങൾ ചുവടെ ചേർക്കുന്നു:-

**നിശ്ചയിച്ചിട്ടുള്ള ദിവസങ്ങൾ**

| | |
|---|---|
| **ബഹു: മുഖ്യമന്ത്രി** | **2018 ജൂൺ 4, 11 & 20** |
| **ബഹു: ധനകാര്യമന്ത്രി** | **2018 ജൂൺ 5, 12 & 21** |

ഇതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിലെ എല്ലാ സെക്ഷനുകളുടെ അറിവിലേയ്ക്കും വീഴ്ചയില്ലാതെ പാലിക്കുന്നതിനുമായി താഴെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:-

ധനകാര്യ വകുപ്പിലെ ഓരോ സെക്ഷനുകളും അവരുമായി ബന്ധപ്പെട്ട നിയമസഭാ ചോദ്യത്തിന്റെ കരട് മറുപടി നിശ്ചയിച്ചിട്ടുള്ള ദിവസത്തിന് മൂന്ന് പ്രവൃത്തി ദിവസങ്ങൾക്ക് മുമ്പായി ബഹു: മുഖ്യമന്ത്രിക്കും/ധനകാര്യ മന്ത്രിക്കും അംഗീകാരത്തിനായി സമർപ്പിക്കേണ്ടതും ഉത്തരത്തിന്റെ അസ്സൽ പകർപ്പ് സെക്ഷൻ ഓഫീസർ **നീല മഷിയിൽ** ഒപ്പിട്ടത് (നക്ഷത്ര ചിഹ്നമിട്ട ചോദ്യത്തിന്റെ മറുപടിയുടെ **21 പകർപ്പുകളും** (ഫയൽ സഹിതം)/നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയുടെ **15 പകർപ്പുകളും**) ചോദ്യ ദിവസത്തിന്റെ തലേ ദിവസം ഒരു മണിക്ക് മുമ്പായി ധനകാര്യ (പി.എസ്.എ) വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.

ശ്രദ്ധക്ഷണിക്കൽ, ഉപക്ഷേപം, ബില്ലുകൾ എന്നീ വിഷയങ്ങളിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതും, ബന്ധപ്പെട്ട ഫയൽ ബഹു: മുഖ്യമന്ത്രി/ധനകാര്യ മന്ത്രിക്ക് ആവശ്യമായ വിവരങ്ങൾ സഹിതം യഥാസമയം സമർപ്പിക്കേണ്ടതുമാണ്.

കൂടാതെ, 27.07.2005-ലെ 72427/പി.എസ്.എ/05/ധന., 19.02.2013-ലെ 22/പി.എസ്.എ. /2013/ധന. എന്നീ സർക്കുലറുകളിലെ നിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

ഈ സമ്മേളനകാലത്തെ സഭാനടപടികളുടെ കലണ്ടറും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

**എൻ. ഗോപകുമാർ,**
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

ധനകാര്യ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും
സെക്ഷനുകൾക്കും
നോഡൽ ഓഫീസർ, www.finance.kerala.gov.in

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

### കലണ്ടർ
### 2018 ജൂൺ

| | |
|---|---|
| 04.06.2018 (തിങ്കൾ)<br>05.06.2018 (ചൊവ്വ)<br>06.06.2018 (ബുധൻ)<br>07.06.2018 (വ്യാഴം) | ഗവൺമെന്റ് കാര്യം |
| 08.06.2018 (വെള്ളി) | ഗവൺമെന്റ് കാര്യവും<br>അനൗദ്യോഗികാംഗങ്ങളുടെ കാര്യവും |
| 11.06.2018 (തിങ്കൾ) | 2018-19-സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കൽ.<br>ഗവൺമെന്റ് കാര്യം |
| 12.06.2018 (ചൊവ്വ) | ഗവൺമെന്റ് കാര്യം |
| 13.06.2018 (ബുധൻ) | 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും |
| 14.06.2018 (വ്യാഴം) | സഭ ചേരുന്നതല്ല. |
| 15.06.2018 (വെള്ളി) | അവധി ദിവസം |
| 18.06.2018 (തിങ്കൾ) | ഗവൺമെന്റ് കാര്യം<br>ഉച്ചയ്ക്കുശേഷം 12.30 മുതൽ 1.30 വരെ:<br>2018-19-സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ധനവിനിയോഗ ബിൽ |
| 19.06.2018 (ചൊവ്വ)<br>20.06.2018 (ബുധൻ)<br>21.06.2018 (വ്യാഴം) | ഗവൺമെന്റ് കാര്യം |